File No.DT/1770/2020-C1

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ. ഡി.റ്റി/1770/2020-സി1

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ,
തിരുവനന്തപുരം - 33
തീയതി: 11/12/2020

**ഭേദഗതി അറിയിപ്പ് -1 (Prospectus No. NCVT/01/2020)**

16.06.2020 തീയതിയിലെ സ.ഉ (കൈ) നം. 31/2020 നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം മുന്നാക്കക്കാരിലെ പിന്നാക്കക്കാർക്ക് 10% സംവരണം ഏർപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. ആയതിൻ പ്രകാരം Prospectus No.NCVT/01/2020 ലെ 11 (ബി) (xi) അനുസരിച്ച് സംവരണ ക്രമത്തിനുപരിയായി ഓരോ ട്രേഡിലേയും യൂണിറ്റ് സൈസിന്റെ 10% അനുവദിച്ചിരുന്നു. എന്നാൽ 05.11.2020 തീയതിയിലെ സ.ഉ (കൈ) നം. 49/2020 നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം റോസ്റ്റർ ലിസ്റ്റിലെ 09,19,29,39,49,59,69,79,89,99 എന്നീ സീറ്റുകൾ മുന്നാക്കക്കാരിലെ പിന്നാക്കക്കാർക്കായി നിശ്ചയിച്ച് സർക്കാർ ഉത്തരവായി. ആയതിനാൽ Prospectus No.NCVT/01/2020 ലെ 11 (എ) യിൽ ക്രമനമ്പർ (9) ൽ മേൽ പറഞ്ഞ വ്യവസ്ഥ കൂട്ടിച്ചേർത്തും 11 (ബി) (xi) നീക്കം ചെയ്തും പ്രോസ്പെക്ടസ് പരിഷ്കരിക്കേണ്ടതുണ്ട്.

കൂടാതെ 26.08.2020 തീയതിയിലെ DGT-MIS 011/1/2018-O/oDIR (TC) നമ്പരായ ഡി.ജി.റ്റി കത്ത് പ്രകാരം ദ്വിവത്സര ട്രേഡുകളിൽ എല്ലാ വർഷവും പ്രവേശനം ഉറപ്പാക്കുന്നതിനായി അംഗീകൃത യൂണിറ്റുകളുടെ 50% ൽ (1:1 അനുപാതത്തിൽ) എല്ലാവർഷവും പ്രവേശനം അനുവദിക്കണമെന്ന് ഡി.ജി.റ്റി അറിയിച്ചിരുന്നു. ടി ഉത്തരവനുസരിച്ച് ഐ.ടി.ഐ കണ്ണൂർ, മലമ്പുഴ, കോഴിക്കോട് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ചുവടെ ചേർക്കും വിധം പ്രോസ്പെക്ടസിൽ ഭേദഗതി വരുത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഐ.ടി.ഐ കോഴിക്കോട്- മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ -
(NCVT/01/2020 പ്രോസ്പെക്ടസിൽ നൽകിയിരിക്കുന്ന 2 യൂണിറ്റിന് പകരം ഒരു യൂണിറ്റ് ആക്കണം)
ഐ.ടി.ഐ മലമ്പുഴ -മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ -
(NCVT/01/2020 പ്രോസ്പെക്ടസിൽ നൽകിയിരിക്കുന്ന 2 യൂണിറ്റിന് പകരം ഒരു യൂണിറ്റ് ആക്കണം)
ഐ.ടി.ഐകണ്ണൂർ-മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ -
(NCVT/01/2020 പ്രോസ്പെക്ടസിൽ നൽകിയിരിക്കുന്ന 2 യൂണിറ്റിന് പകരം ഒരു യൂണിറ്റ് ആക്കണം)
റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് ടെക്നീഷ്യൻ -
(NCVT/01/2020 പ്രോസ്പെക്ടസിൽ നൽകിയിരിക്കുന്ന 2 യൂണിറ്റിന് പകരം ഒരു യൂണിറ്റ് ആക്കണം)

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളുടേയും അപേക്ഷകളുടേയും അടിസ്ഥാനത്തിൽ NCVT/01/2020 Prospectus -ൽ ക്രമ നം.11 (എ) യിൽ ക്രമ നമ്പർ (9) കൂട്ടിച്ചേർത്തും 11 (ബി) (xi) നീക്കം ചെയ്തും അനുബന്ധം 2 -ൽ ക്രമ നമ്പർ 51 ലെ മെട്രിക് ട്രേഡ് ക്രമ നമ്പർ 14, ക്രമ നമ്പർ 66-ലെ മെട്രിക് ട്രേഡ് ക്രമ നമ്പർ 12, ക്രമ നമ്പർ 81 ലെ മെട്രിക് ട്രേഡ് ക്രമ നമ്പർ 5,14 എന്നീ ഭാഗങ്ങൾ പരിഷ്കരിച്ചും താഴെപ്പറയുന്ന വിധം അഞ്ച് ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

**ഭേദഗതികൾ**

**1. കൂട്ടിച്ചേർക്കൽ**

**11(എ) (9) : മുന്നാക്കക്കാരിലെ** പിന്നാക്കക്കാർക്ക് **10%** സ.ഉ (കൈ) നം. **49/2020** തൊഴിൽ തീയതി **05.11.2020)** (ഇതുമായി ബന്ധപ്പെട്ട് സ.ഉ (എം.എസ്) നം. **2/2020**/ഉ.ഭ.പ.വ. തീയതി **12.02.2020** പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.)

**2. നീക്കം ചെയ്യൽ**

11 (ബി) (xi)

**3. പരിഷ്കരണം**

**അനുബന്ധം** 2

**മെട്രിക് ട്രേഡുകൾ**

| ക്രമ നമ്പർ | ഐ.ടി.ഐകളുടെ പേരും ജില്ലയും | ട്രേഡുകൾ | പ്രവേശനം നൽകുന്ന യൂണിറ്റുകൾ |
|---|---|---|---|
| 51 | ഗവ. ഐ.ടി.ഐ മലമ്പുഴ, പാലക്കാട് (GR32000236) | 14. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| 66 | ഗവ.ഐ.ടി.ഐ കോഴിക്കോട് , കോഴിക്കോട് (GR32000238) | 12. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| 81 | ഗവ.ഐ.ടി.ഐ കണ്ണൂർ,കണ്ണൂർ (GR32000212) | 5. റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് ടെക്നീഷ്യൻ | 1 |
| | | 14. മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |

**CHANDRASEKAR S, DT DTTVPM, O/O DIRECTOR DTTVPM**